**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ല - കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഉത്ഘാടനം നടത്താൻ പോകുന്ന ഗ്രാമന്യായാലയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 260/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/01/2017

പരാമർശം:- 1. ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ എം.എൽ.എ യുടെ 17/01/2016 ലെ കത്ത്.
2. സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006

**ഉത്തരവ്**

കൈപ്പമംഗലം നിയോജക മണ്ഡലത്തിന്റെ കീഴിലുള്ള മതിലകം ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ വരുന്ന ഗ്രാമന്യായാലയയുടെ ഉത്ഘാടനം 2017 ഫെബ്രുവരി മാസം 4-ാം തീയതി നടത്തുകയാണ്. വർഷങ്ങളായി യാതൊരു പ്രവർത്തനങ്ങളുമില്ലാതെ കിടക്കുന്ന മുൻ കൊടുങ്ങല്ലൂർ ബ്ലോക്ക് കെട്ടിടത്തിലാണ് ഗ്രാമന്യായാലയം പ്രവർത്തനം ആരംഭിക്കുന്നത്. ടി കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി കൈപ്പമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ഇരുപത്തിഅയ്യായിരം രൂപ വീതം അനുവദിക്കണമെന്നതാണ് പരാമർശം 1 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ വരുന്ന ഗ്രാമന്യായാലയം പ്രവർത്തനം ആരംഭിക്കാൻ പോകുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി കൈപ്പമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി എന്നീ പഞ്ചായത്തുകളിൽ നിന്നും 25000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) വീതം അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്ഘാടന കമ്മിറ്റി ചെയർമാൻ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡന്റ്, മതിലകം ബ്ലോക്ക് പഞ്ചായത്ത്, കയ്പമംഗലം, തൃശ്ശൂർ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.